**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3920** **03-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി ഇല്ലാതാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സിവിൽ സർവീസിലെ അഴിമതി ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വിജിലൻസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ വിജിലൻസ് അന്വേഷണം/മിന്നൽ പരിശോധന/ ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും, സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽ നിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ച് വരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം |

| | | | |
|---|---|---|---|
| | | | വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം സിവിൽ സർവീസ് മേഖലയിൽ എത്ര കൈക്കൂലി കേസുകളാണ് വിജിലൻസ് പിടിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് 83 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം | വകുപ്പ് | കേസുകളുടെ എണ്ണം |
|---|---|---|
| 1 | റവന്യു വകുപ്പ് | 23 |
| 2 | പഞ്ചായത്ത് വകുപ്പ് | 9 |
| 3 | ആരോഗ്യ വകുപ്പ് | 7 |
| 4 | തദ്ദേശ സ്വയംഭരണം | 7 |
| 5 | നഗരകാര്യ വകുപ്പ് | 6 |
| 6 | പോലീസ് വകുപ്പ് | 4 |
| 7 | രജിസ്ട്രേഷൻ വകുപ്പ് | 4 |
| 8 | സർവ്വെ വകുപ്പ് | 3 |
| 9 | ലീഗൽ മെട്രോളജി | 2 |
| 10 | വനം വകുപ്പ് | 2 |
| 11 | തൊഴിൽ വകുപ്പ് | 1 |
| 12 | കേരള വാട്ടർ അതോറിറ്റി | 1 |
| 13 | മൃഗസംരക്ഷണ വകുപ്പ് | 1 |
| 14 | എം ജി സർവ്വകലാശാല | 1 |
| 15 | ഐ & പിആർഡി | 1 |
| 16 | മലിനീകരണ നിയന്ത്രണ ബോർഡ് | 1 |
| 17 | വിദ്യാഭ്യാസ വകുപ്പ് | 1 |
| 18 | ജലസേചന വകുപ്പ് | 1 |
| 19 | പട്ടികജാതി വികസന വകുപ്പ് | 1 |
| 20 | സപ്ലൈകോ | 1 |
| 21 | സഹകരണ വകുപ്പ് | 1 |
| 22 | ജലവിഭവ വകുപ്പ് | 1 |
| 23 | വാണിജ്യ നികുതി വകുപ്പ് | 1 |
| 24 | മോട്ടോർ വെഹിക്കിൾ | 1 |
| 25 | കൃഷി വകുപ്പ് | 1 |
| 26 | കെ എസ് ഇ ബി | 1 |
| | **ആകെ** | **83** |